അനുകൂലിക്കുന്നവർ: .....

പ്രതികൂലിക്കുന്നവർ: .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

X. അറിയിപ്പ്

മി.സ്പീക്കർ: കേരള നിയമസഭയുടെ ചരിത്രത്തിൽ അക്ഷരാർത്ഥത്തിൽ സംഭവബഹുലമായ ഒരു സമ്മേളനമായിരുന്നു ഇത്. ഇത്രയേറെ നിയമനിർമ്മാണം നടത്തിയിട്ടുള്ള വേറൊരു സെഷൻ ഉണ്ടായിട്ടുണ്ടോയെന്ന് സംശയമുണ്ട്. ധാരാളം സബ്മിഷൻസ് അനുവദിച്ചു. പൊതുകാര്യപ്രസക്തിയുള്ള എല്ലാ വിഷയങ്ങളും ചർച്ച ചെയ്തു. മിക്കവാറും അടിയന്തിരപ്രമേയങ്ങൾക്ക് അവസരം കൊടുത്തു. ഗവൺമെന്റിന്റെ എല്ലാ ബിസിനസ്സും തീർത്തുകൊടുത്തു. പ്രതിപക്ഷത്തിന് തൃപ്തികരമായി സംസാരിക്കാൻ ധാരാളം സന്ദർഭം ലഭിച്ചു. അതുപോലെ ദൗർഭാഗ്യകരമായ ചില സംഭവവികാസങ്ങളും ഉണ്ടായി. നമ്മുടെ സഹപ്രവർത്തകരായ കുറെ എം.എൽ.എ. മാർ രാജിവച്ചുപോയി. ചരിത്രത്തിൽ ആദ്യമായി നമ്മുടെ ബഹുമാനപ്പെട്ട രാഷ്ട്രപതി നിയമസഭയെ അഭിസംബോധന ചെയ്തു. മുതുകാടിന്റെ മാജിക് പെർഫോർമൻസ് നടന്നു. കിലയിലെ വർക്ക്ഷോപ്പ് ഇന്ത്യയിൽ ആദ്യമായി നടന്നു. അങ്ങനെ എന്നും ഓർമ്മിക്കാവുന്ന സംഭവബഹുലമായ ഈ സെഷൻ വിജയകരമായി നടത്താൻ സഹകരിച്ച എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുന്നു.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* 18 ബില്ലുകളോളം ഈ സഭ പാസ്സാക്കി. സപ്ലിമെന്ററി ഡിമാന്റിൽ ഏതാണ്ട് 600 കോടി രൂപയും അനുവദിച്ചു. എന്നാൽ 18 ബില്ലുകളിൽ സമൂഹത്തിലെ ദുർബ്ബല ജനവിഭാഗത്തിനോ പാവപ്പെട്ടവർക്കോ തൊഴിലാളികൾക്കോ ആശ്വാസം നൽകുന്ന ഒരു ബില്ലും ഇല്ല എന്നുള്ള ദൗർഭാഗ്യകരമായ സ്ഥിതി ഇവിടെ ഞാൻ അനുസ്മരിക്കുകയാണ്. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബില്ലിൽ അല്പം ആശ്വാസം ഉണ്ടായിരുന്നു. ആ ക്ഷേമനിധിയിൽത്തന്നെ ബസ് ഉടമകൾ 100 കോടിയിൽ ചിലവാനം രൂപ തരാനുള്ളപ്പോൾ ഇതിൽ അല്പം ആശ്വാസമുണ്ടായിരുന്ന 750 രൂപയോ മറ്റോ അവർക്ക് നിശ്ചയിച്ചിരുന്ന ആനുകൂല്യംതന്നെ രണ്ടു മാസത്തേക്ക് പിരിക്കുന്നില്ലായെന്നും പറഞ്ഞു. അവർ പണിമുടക്കുമെന്നുപറഞ്ഞ് വിരട്ടി. അതോടുകൂടി ആ ആശ്വാസവും ഇല്ലാതായി. ഇതാണ് ഈ സഭയുടെ പ്രത്യേകത എന്നുകൂടി അങ്ങ് അനുസ്മരിച്ചാൽ നന്ന്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഇവിടെ പാസ്സാക്കിയ 18 ബില്ലുകളും സാമ്പത്തിക പുരോഗതിക്കും സാമൂഹിക പരിവർത്തനത്തിനും വേണ്ടിയുള്ളതാണ്. കേരളത്തിൽ സാമൂഹിക സാമ്പത്തിക പുരോഗതി ഉണ്ടാകുമ്പോൾ അതിന്റെ പ്രയോജനം തൊഴിലാളികൾക്കും സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: ഇവിടെ പാസ്സാക്കിയ 18 ബില്ലുകളും ബി.എ.സി.യിൽ ഉണ്ടായിട്ടുള്ള കോമൺ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളവയാണ്. പ്രതിപക്ഷവുംകൂടി അക്സെപ്റ്റ് ചെയ്ത് ഈ ബില്ലുകൾ ഇവിടെ കൊണ്ടുവന്ന് പാസ്സാക്കിയതിനുശേഷം പിന്നീട് ഈ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പാർലമെന്ററികാര്യ വകുപ്പുമന്ത്രി തെറ്റിദ്ധാരണ ഉണ്ടാക്കുന്ന ഒരു പ്രസ്താവനയാണ് നടത്തിയത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള ബിസിനസ്സ് കാര്യങ്ങൾ ചർച്ച ചെയ്ത് സമയം ക്രമീകരിക്കുക മാത്രമാണ് ബി.എ.സി. യിൽ ചെയ്യുന്നത്. ബില്ലുകളൊന്നുംതന്നെ ഞങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചതല്ല. തെറ്റിദ്ധാരണ തിരുത്താൻ വേണ്ടിയാണ് പറയുന്നത്.

മി. സ്പീക്കർ: കിലയിൽ പങ്കെടുത്തവർക്ക് അവരുടെ ഗ്രൂപ്പ് ഫോട്ടോ അതാതുമുറികളിൽ എത്തിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. കിട്ടിയില്ലെങ്കിൽ അറിടന്ന് കളക്ട് ചെയ്യാവുന്നതാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സഭയുടെ മുമ്പാകെ വയ്ക്കാൻ മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതുകൊണ്ട് സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: ഉച്ചഭക്ഷണം ഏർപ്പാട് ചെയ്തിട്ടുണ്ട്. സഭ ഇപ്പോൾ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞിരിക്കുന്നു.

(സഭ ഉച്ചയ്ക്കുശേഷം 12.31-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly